**ജൈവജ്ഞാനത്തിന്റെ ദർശനങ്ങളെ**
**തലമുറകളിലേക്ക് പകർത്തിയ**
**അന്തരിച്ച കെ.വി. ശിവപ്രസാദ് മാഷിനെ**
**ഓർക്കുന്നു ശിഷ്യരായ**
**വിജിത്തും വാണിയും**

# വിത്തുമുളയ്ക്കുന്ന ക്ലാസുകൾ

**കുട്ടികൾക്കുവേണ്ടി**, കുടുംബത്തിനു വേണ്ടി, സമൂഹത്തിനുവേണ്ടി നിരന്തരം ഓടിക്കൊണ്ടേയിരുന്ന നല്ല സുഹൃത്ത്. സുഹൃത്ത് എന്നതിന്റെ അക്ഷരാർത്ഥത്തിൽ എല്ലാവരുടെയും ഹൃത്തിനോട് ചേർന്ന് നിൽക്കുന്ന, എല്ലാവരേയും ഹൃത്തിനോട് ചേർത്തു നിർത്തുന്ന ഉറ്റ കൂട്ടുകാരൻ. അതുകൊണ്ട് തന്നെയാണ് മാഷിന് ഒറ്റ ക്ലാസ്സു കൊണ്ട് ആ ക്ലാസ്സിലുള്ളവരെ സമൂഹത്തിന്റെ നന്മയിലേയ്ക്ക്, നന്മയുടെ ആഴങ്ങളിലേയ്ക്ക് നയിക്കാൻ കഴിയുന്നത്.

ഈ കഴിഞ്ഞ ഫെബ്രുവരി 23–ന് രാത്രി മാഷ് സ്വന്തം പ്രാണൻ പകുത്തു നൽകി നമ്മളിലേയ്ക്ക്, ഈ വസുധൈവകുടുംബകത്തിലേയ്ക്ക് പൂർണ്ണമായി അലിഞ്ഞുചേർന്നു. കത്തുകൾ 'ഔട്ട് ഓഫ് ഫാഷൻ' ആയ 'ട്രെൻഡ്' അല്ലാതിരിക്കുന്ന ഈ കാലത്ത് ഇത്രയേറെ കത്തുകൾ വരുന്നതും പോകുന്നതുമായുള്ള ചുരുക്കം വീടുകളിലൊന്നായിരിക്കും മാഷിന്റെ 'സ്വാശ്രയ'. പറയുന്നത് സ്വന്തം ജീവിതത്തിൽ സത്യസന്ധമായി അനുവർത്തിക്കുന്ന എല്ലാവർക്കും മാതൃകയാക്കി ഒരുക്കിയെടുത്തു മാഷ്, പേര് സൂചിപ്പിക്കുന്നപോലെ തന്നെ 'സ്വാശ്രയ'യെ. 'സ്വാശ്രയ'യ്ക്ക് വേണ്ടതെല്ലാം അവിടെതന്നെയുണ്ട്. മത്തനും, നെയ്കുമ്പളവും, പയറും, വഴുതിനങ്ങയും, കണ്ണപുരം മാവും, പ്ലാവും, കൈതച്ചക്കയും, മുത്തിളും, കരിമുത്തിളും, വള്ളിക്കാഞ്ഞിരവും, കരിങ്ങാട്ടയും, മന്ദാരവും, ഇലഞ്ഞിയും..... അങ്ങനെ ഒരു പേജിൽ തീരാത്ത വള്ളിപ്പടർപ്പു ചെടികളും, മൃഗങ്ങളും കുറുക്കനും, കാട്ടുകോഴിയും, പൂത്താങ്കിരിയും, ബുൾബുളും മാഷിന്റെ കൂട്ടുകാരായി അവിടെ സഹവർത്തിത്വത്തോടെ പരസ്പരം താങ്ങായി, തണലായി സഖിയായ വത്സലേച്ചിയോടൊപ്പം ജീവിതം നയിക്കുന്നു..... എത്ര ശാന്തമായി..... സന്തോഷത്തോടെ.

ചെറിയ ഉരുണ്ട കൈയ്യക്ഷരത്തിന്റെ അടുക്കി അടുക്കി എഴുതുന്ന വാക്കുകളിൽ ലാളിത്യവും അതോടൊപ്പം ചങ്കൂറ്റവും നിറഞ്ഞു. ജീവിതത്തിന്റെ ദർശനം എങ്ങോട്ട് എന്ന ചോദ്യത്തിന് ഉത്തരം എന്നും പക്കലുള്ള ഒരു മഹാവ്യക്തിത്വം.

എല്ലാം ഒരു സ്നേഹപൂർണ്ണമായ പുഞ്ചിരിയിലൊതുക്കി മാഷ് തോളത്തൊരു തുണിസഞ്ചിയും തൂക്കി നടന്നുവരുമ്പോൾ കൂടെ നൂറായിരം കൊച്ചുകൊച്ചു ചോദ്യങ്ങൾക്കുള്ള, സംശയങ്ങൾക്കുള്ള ഉത്തരവും.

ക്യാമ്പ് നടക്കുന്ന ദിവസവും സ്ഥലവിവരവും എഴുതിയ ഒരു പോസ്റ്റ് കാർഡ് കിട്ടിയാൽ മതി, കേരളത്തിന്റെ ഏത് മുക്കിലായാലും ജനകീയ വാഹനമായ ട്രെയിനിലും, ബസ്സിലും യാത്ര ചെയ്ത്, സഹയാത്രികരോട് ഒരുപാട് വർത്തമാനം പറഞ്ഞ് മാഷ് ഓടിയെത്തും. കുട്ടികൾക്കിടയിലേയ്ക്ക് ചെന്ന്, തോളിൽ കൈയ്യിട്ട്, കൈയ്യിൽ പിടിച്ച്, ഒപ്പം നടന്ന് ചുറ്റുമുള്ള ഓരോ പച്ചപ്പിന്റെയും പ്രാധാന്യം ഓർമ്മപ്പെടുത്തുമ്പോൾ മാഷ് മനസ്സിൽ മാറ്റത്തിന്റെ വിത്ത് പാകുകയാണ്. പച്ചപ്പിന്റെ സംരക്ഷണത്തിനായുള്ള ഒരു പച്ചമനസ്സിലേയ്ക്കുള്ള മാറ്റം.

പരിസ്ഥിതി, രാഷ്ട്രീയം, കൃഷി, ഭക്ഷണം, ആരോഗ്യം, കഥ, കവിത, ചരിത്രം, ഭൂമിശാസ്ത്രം, പുരാണം, ജ്യോതിശാസ്ത്രം, വൃക്ഷായുർവേദം,.... തുടങ്ങി പ്രപഞ്ചത്തിലെ എല്ലാത്തിനേയും പരസ്പരം ബന്ധപ്പെടുത്തുകയും അവയെ ജീവിതവുമായി ബന്ധപ്പെടുത്തി ലളിതായ ഭാഷയിൽ ഉദാഹരണങ്ങൾ പറഞ്ഞ് കഥകൾ പറഞ്ഞ് തമാശകൾ പറഞ്ഞ് ഗൗരവത്തോടെ അവതരിപ്പിക്കുമ്പോൾ മാഷ് കൈമാറിത്തരുന്നത് ജീവിതത്തിന്റെ രാഷ്ട്രീയവും, ദിശാബോധവും ദർശനവും ആണ്.

തുണിസഞ്ചി നിറയെ വീട്ടുമുറ്റത്തെ വയലറ്റ് മന്ദാരത്തിന്റെയും വള്ളിക്കാഞ്ഞിരത്തിന്റെയും നാടൻമാവിന്റെയും വിത്തുകളുമായി ജൈവകർഷക സംഗമങ്ങൾക്ക് ജീവൻ പകരാൻ മാഷ് എന്നും മുന്നിലുണ്ട്.

പാപ്പിനിശ്ശേരി പഞ്ചായത്ത് സ്കൂളിലെ മലയാളം അദ്ധ്യാപകനായ ശിവപ്രസാദ്മാഷ് അറിയപ്പെടുന്നത് 'സഞ്ചരിക്കുന്ന എൻസൈക്ലോപീഡിയ' എന്നാണ്. മണ്ണൂത്തിയിലെ 'സ്വപ്ന'ത്തിലും ശിരുവാണിയിലും ആറളത്തും, കേരളത്തിലെ കാടുകളിലും, കലാലയങ്ങളിലും പങ്കുവെച്ച ജീവൻ മാഷിന്റെ കുട്ടികളിലൂടെ സഞ്ചരിക്കുന്നു.

നൊയ്ച്ചിങ്ങയെക്കുറിച്ച് പറഞ്ഞ് പറഞ്ഞ് നൊയ്ച്ചിങ്ങ ജീവിതത്തിന്റെ ഒരു അവിഭാജ്യഘടകമാവുകയും വീട്ടിലെ കുളത്തിൽ കൊണ്ടിടുകയും ചെയ്യുന്ന മാഷിന്റെ കുട്ടികൾ. നൊയ്ച്ചിങ്ങ പെറ്റുപെരുകുമ്പോൾ ഉണ്ടാകുന്ന സന്തോഷത്തോടൊപ്പം മാഷിന്റെ ജീവനിൽ അലിഞ്ഞുചേർന്ന അനേകം ജീവനുകൾ, ജീവിതങ്ങൾ കുട്ടികളിലേയ്ക്ക് മാഷ് പകുത്തുനൽകി. പറഞ്ഞാലും, എഴുതിയാലും അനുഭവിച്ചാലും തീരാത്ത ഒട്ടേറെ അനുഭവങ്ങൾ.



കുട്ടികൾക്ക് ക്ലാസെടുക്കുന്ന കെ.വി. ശിവപ്രസാദ് മാഷ്

മാഷിന്റെ ഇലഞ്ഞിയും, ഞാവലും, മാവും, നെൻമേനി വാകയും കരിമരവും.... ഒക്കെ മൊട്ടമ്മലിലെ 'സ്വാശ്രയ'യിലും കണ്ണപുരത്തെ കാവുകളിലും സിദ്ധാശ്രമങ്ങളിലും പാപ്പിനിശ്ശേരി സ്കൂളിലും നിരവധി കലാലയങ്ങളിലും, കാടുകളിലും സുഹൃത്തുക്കളുടെ വീട്ടിലും മനസ്സിലും പൂക്കുകയും കായ്ക്കുകയും പുതിയ വിത്തുകൾക്ക് ജീവൻ നൽകുകയും ചെയ്യുന്നു, കരുത്തോടെ.

ഫെബ്രുവരി 23 ന് രാത്രി വാതോരാതെ മാധവേട്ടനോട് സംസാരിച്ചിരിക്കുമ്പോൾ മാഷ് പറഞ്ഞത് ഇലഞ്ഞിമരത്തെക്കുറിച്ചാണ്. പിറ്റേന്ന് രാവിലെ പ്രാണൻ പകുത്തു നൽകി മാഷ് പ്രകൃതിയിൽ അലിഞ്ഞു ചേർന്നപ്പോൾ മാഷിന്റെ കുട്ടികൾ ഈ കഥയൊന്നു മറിയാതെ 'സ്വാശ്രയ' യിൽ നിന്നും കൊണ്ടുവന്ന ഒരു ഇലഞ്ഞിതൈ നട്ടു. കൂടെ മാഷും ഉണ്ട്.

കുട്ടികളുടെ മനസ്സുകളിൽ, കാഴ്ചകളിൽ, മണങ്ങളിൽ, ശബ്ദങ്ങളിൽ, സ്വപ്നങ്ങളിൽ, സ്പർശനങ്ങളിൽ, രുചികളിൽ അങ്ങനെ പഞ്ചേന്ദ്രിയങ്ങളിൽ എല്ലാം മാഷ് നിറഞ്ഞുനിൽക്കും എന്ന അനുഭവസാക്ഷ്യത്തോടെ.


Statement About ownership and other particulars about the newspaper

**JAAGRATHAYUDE KERALEEYAM**

(Form IV See Rule 8)

| | | |
|---|---|---|
| 1. Place of Publication | : | Thrissur |
| 2. Periodicity of its publication | : | Monthly |
| 3. Printer's Name | : | K.S. Pramod |
| Whether citien of India? | : | Yes |
| Address | : | 'Keraleeyam' Municipal Market Bldg. Kokkalai, Thrissur-21 |
| 4. Publisher's Name | : | K.S. Pramod |
| Whether citizen of India? | : | Yes |
| Address | : | K.S. Pramod, Kanamkott House P.O. Akkikavu, Thrissur-680 519 |
| 5. Editor's Name | : | K.S. Pramod |
| Whether citizen of India? | : | Yes |
| Address | : | Keraleeyam Municipal Market Bldg., Kokkalai, Thrissur-21 |
| 6. Name and addresses of individuals who own the newspaper & partners or share holders holding morethan one percent of the total capital | : | K.S. Pramod, 'Keraleeyam', Municipal Market Bldg., Kokkalai Thrissur-21 |

I, K.S. Pramod, hereby declare that the particulars given above are true to the best of my knowledge and belief.

01-03-2012
Thrissur

Sd/-
Publisher